പതിനഞ്ചാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2365** **13-09-2023-ൽ മറുപടിയ്ക്ക്**

**<u>കോഴിക്കോട് മെഡിക്കൽ കോളേജിൽ ഡോക്ടർമാരുടെ ഒഴിവ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി കെ. കെ. രമ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കോഴിക്കോട് മെഡിക്കൽ കോളേജിൽ ആകെ എത്ര ഡോക്ടർമാരുടെ ഒഴിവുകളാണ് നിലവിലുള്ളതെന്ന് വിഭാഗം തിരിച്ച് ലഭ്യമാക്കുമോ;

**<u>മറുപടി:</u>** കോഴിക്കോട് മെഡിക്കൽ കോളേജിൽ നിലവിൽ ഒഴിവുള്ള അധ്യാപക തസ്തികകൾ അനുബന്ധമായി ചേർക്കുന്നു.

**(ബി)** പ്രസ്തുത ആശുപത്രിയിൽ ഡോക്ടർമാരുടെ കുറവ് വിദ്യാർത്ഥികളുടെ പഠനത്തെ ബാധിക്കുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; ആവശ്യത്തിന് അദ്ധ്യാപകർ ഇല്ലാത്തത് കാരണം എമർജൻസി മെഡിസിൻ വിഭാഗത്തിലെ രണ്ട് പി.ജി. സീറ്റുകളുടെ അംഗീകാരം നഷ്ടപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** കോഴിക്കോട് മെഡിക്കൽ കോളേജിലെ എമർജൻസി മെഡിസിൻ വിഭാഗത്തിലെ **2** പി ജി സീറ്റുകളുടെ **NMC** അംഗീകാരം താൽക്കാലികമായി നിർത്തിയതായി അറിയിപ്പ് ലഭിച്ചിരുന്നു**.** പ്രൊഫസർ**,** അസോസിയേറ്റ് പ്രൊഫസർ തസ്തികകളിൽ ഓരോരുത്തരുടെ കുറവും സീനിയർ റസിഡന്റുമാരുടെ കുറവും കൂടാതെ ആധാർ എനേബിൾഡ് ബയോമെട്രിക് അറ്റൻഡൻസ് സിസ്റ്റം **(AEBAS)** നടപ്പിലാക്കിയിട്ടില്ല എന്നതും മൂലമാണ്**. 01.07.2023** മുതൽ **AEBAS** പഞ്ചിംഗ് കോളേജിൽ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്**. NMC** ചൂണ്ടിക്കാണിച്ച മറ്റു കുറവുകൾ ഉടനടി പരിഹരിച്ച് അംഗീകാരം പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു**.**

**(സി)** പ്രസ്തുത ആശുപത്രിയിലെ എമർജൻസി മെഡിസിൻ വിഭാഗത്തിലെ ഒഴിവുകൾ നികത്താത്ത സാഹചര്യം നിലവിലുണ്ടോ; ഒഴിവുകൾ നികത്താത്തത് മൂലമാണോ എമർജൻസി മെഡിസിൻ വിഭാഗത്തിന്റെ അംഗീകാരം നഷ്ടമായത്; വിശദാംശം അറിയിക്കുമോ;

**<u>മറുപടി:</u>** ഉണ്ട്**.** സർക്കാർ മെഡിക്കൽ കോളേജുകളിൽ എമർജൻസി മെഡിസിൻ വിഭാഗം ആരംഭിക്കുന്നതിന്റെ ഭാഗമായി സൃഷ്ടിച്ച അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിൽ നിയമനത്തിന് പി എസ് സിയ്ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് പി എസ് സി വിജ്ഞാപനം പുറപ്പെടുവിച്ചെങ്കിലും യോഗ്യത സംബന്ധിച്ച് ബഹു**.** കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ **OA(EKM)No. 196/2020** കേസ് ഫയൽ ചെയ്യപ്പെട്ടതിനാൽ നിയമന ശുപാർശകൾ ലഭിച്ചിരുന്നില്ല**.** ടി കേസിലെ ബഹു**.** ട്രൈബ്യൂണലിന്റെ **07.07.2023** ലെ വിധിന്യായം പ്രകാരം പുനർ വിജ്ഞാപന നടപടി അടിയന്തിരമായി

സ്വീകരിക്കണമെന്ന് പി എസ് സി യെ അറിയിച്ചിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളിൽ എമർജൻസി മെഡിസിൻ ആരംഭിക്കുന്നതിന്റെ ഭാഗമായി ഒഴിവുള്ള തസ്തികകളിൽ നിയമനം ലഭിക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും എൻ എം സി മാനദണ്ഡപ്രകാരം യോഗ്യത ഉള്ളവരിൽ നിന്നും താൽപര്യപത്രം ക്ഷണിച്ച് **03.02.2022** ൽ പരിപത്രം നൽകിയെങ്കിലും ഫാക്കൽറ്റികൾ താൽപര്യപത്രം സമർപ്പിച്ചിരുന്നില്ല. എമർജൻസി മെഡിസിൻ വിഭാഗത്തിലെ പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിൽ അക്കോമഡേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെടുന്നതിന് തൽപരരായ ഫാക്കൽറ്റികളിൽ നിന്നും ആയത് ലഭ്യമാക്കാൻ **05.04.2023** ലെ സർക്കാർ ഉത്തരവ് പ്രകാരം പരിപത്രം പുറപ്പെടുവിച്ചെങ്കിലും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ മറ്റ് വിഭാഗം ഫാക്കൽറ്റികൾ താൽപര്യപത്രം നൽകിയിട്ടില്ല. ആയതിനാൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ **2** ഒഴിവും, അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ ഒരു ഒഴിവും ഉണ്ട്.

**(ഡി)** കോഴിക്കോട് മെഡിക്കൽ കോളേജിൽ ഡോക്ടർമാരുടെ ഒഴിവുകൾ നികത്താത്തത് മൂലം രോഗികളും ജീവനക്കാരും അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

**മറുപടി:** അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ ഒഴിവുകൾ എല്ലാം സമയബന്ധിതമായി പി.എസ്.സി - യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സത്വരമായി സ്വീകരിച്ചു വരുന്നു. മാത്രമല്ല സീനിയർ റസിഡന്റുമാരുടെ സേവനം ഉപയോഗപ്പെടുത്തി നിലവിലുള്ള അപര്യാപ്തത നികത്തിയിട്ടുമുണ്ട്. കൂടാതെ, ആശുപത്രികളുടെ സുഗമമായ നടത്തിപ്പ് പരിഗണിച്ച് ഒഴിവുള്ള എൻട്രി കേഡർ ഫാക്കൽറ്റി തസ്തികകൾ കരാർ വ്യവസ്ഥയിൽ നിയമിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**